## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

**Confirmed Minutes of the 07/24 (220th) Meeting of the Syndicate held on 06.09.2024 at 11.00 a.m at University Head Quarters, Kalady**

**Members Present:**

| | | |
|---|---|---|
| 1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. ഡോ. ടി. മിനി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |

കൂടാതെ ഡോ. സുനിത ഗോപാലകൃഷ്ണൻ (പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിവട്ടം എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടേയും, കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവായ നാടക പ്രവർത്തകനായ ശ്രീ. കെ. ജെ. ബേബി -യുടെ നിര്യാണത്തിലും രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

24.07.2024-ാം തീയതിയിലെ 219-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയുടെ ഫാക്കൽറ്റി ഓഫ് അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് വിഭാഗം ഡീനും കാലടി മുഖ്യക്യാമ്പസിലെ സംസ്കൃതം സാഹിത്യ വിഭാഗം പ്രൊഫസറുമായ ഡോ. ടി. മിനി - യെ ഡീൻമാരുടെ മണ്ഡലത്തിൽ നിന്നുമുള്ള സിൻഡിക്കേറ്റ് അംഗമായി ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു.
2. ഇന്ത്യയുടെ 78-ാമത് സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് 2024 ഓഗസ്റ്റ് 15 ന് സർവകലാശാലാ ആസ്ഥാനത്തും പ്രാദേശിക ക്യാമ്പസുകളിലും ദേശീയ പതാക ഉയർത്തലും അനുബന്ധ പരിപാടികളും നടന്നു. സർവകലാശാലാ ആസ്ഥാനത്ത് പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് പ്രൊ. വി. ലിസ്സി മാത്യു ദേശീയ പതാക ഉയർത്തി.

3. 2024-25 അധ്യയന വർഷം പ്രവേശനം നേടിയ ബിരുദ വിദ്യാർത്ഥികൾക്കായുള്ള ഇൻഡക്ഷൻ പ്രോഗ്രാം 2024 ഓഗസ്റ്റ് 13, 14 തീയതികളിൽ സർവകലാശാലാ ആസ്ഥാനത്ത് നടത്തി. വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് ബഹു. വൈസ് ചാൻസലർ സംസാരിച്ചു.
4. സർവകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ സംസ്കൃതം ന്യായവിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. വി. കെ. ഭവാനി - യെ സർവകലാശാല വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടറായി താൽക്കാലികമായി നിയമിച്ചത് റിപ്പോർട്ട് ചെയ്യുന്നു.
5. ഐ.ക്യു.എ.സിയുടെ നേതൃത്വത്തിൽ സർവകലാശാലാ മുഖ്യ ക്യാമ്പസിലേയും പ്രാദേശിക ക്യാമ്പസുകളിലേയും അധ്യാപകർക്കായി NIRF സംബന്ധിച്ചും, CAS പ്രൊമോഷനുവേണ്ടി PBAS തയ്യാറാക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനുമായി 05.09.2024 തീയതിയിൽ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. കേരള സർവകലാശാല ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. ജയചന്ദ്രൻ ആർ ആണ് ക്ലാസ്സുകൾ നയിച്ചത്.
6. 23.07.2024 ന് സർവകലാശാലയുടെ ഫിലോസഫി വിഭാഗം കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച സെമിനാറിൽ ചെന്നൈ ആസ്ഥാനമായുള്ള തിയോസഫിക്കൽ സൊസൈറ്റിയുടെ അഡയാർ ലൈബ്രറി ഡയറക്ടർ ഡോ. രാധ രഘുനാഥ് പ്രഭാഷണം നടത്തി.
7. സർവകലാശാലയിലെ 2024-25 അക്കാദമിക വർഷത്തിലെ ഓണാവധി സെപ്റ്റംബർ 13 മുതൽ 22 വരെ ആണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Saranya P.S. in Sanskrit Vyakarana [No. EA/PhD/818/SSUS/2023]
b) Smt. Thasneem A. in English [No. EA/PhD/776/SSUS/2023]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis and the Standing Committee on Examination held on 29.08.2024, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1. | Smt. Saranya P.S. | Faculty of Sanskrit Grammar | 21.06.2024 |
| 2. | Smt. Thasneem A. | Faculty of Foreign Languages | 25.07.2024 |

a) Smt. Saranya P.S in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Narayaniye Krsna vataradarabhya Santanagopala Paryantam Krtpratyayanam Adhyayanam”,** under the guidance of Dr.C.H. Satyanarayana, Professor, Department of Sanskrit Vyakarana, SSUS, Kalady.

b) Smt. Thasneem A. in English under the Faculty of Foreign Languages for the Ph.D thesis titled **“Reading the Feline: A Cultural / Semiotic Analysis”,** under the guidance of Dr. N. Prasanthakumar, Professor (Rtd.), Department of English, SSUS, Kalady.

## Item No. 3

അന്തർദേശീയ, ദേശീയ സംസ്ഥാന ക്യാമ്പുകളിൽ സെലക്ഷൻ കിട്ടി പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ നടത്തുന്നത് സംബന്ധിച്ച്. (No. E.A/02333/SSUS/2024)

29.08.2024 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് NCC/NSS അന്തർദേശീയ, ദേശീയ സംസ്ഥാന ക്യാമ്പുകളിൽ പങ്കെടുക്കുന്ന

വിദ്യാർത്ഥികൾക്ക് ക്യാമ്പ് നടക്കുന്ന സമയങ്ങളിൽ സർവകലാശാല നടത്തുന്ന സെമസ്റ്റർ പരീക്ഷകൾ യഥാസമയം എഴുതുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞ ക്യാമ്പുകളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സ്പെഷ്യൽ പരീക്ഷ നടത്താവുന്നതാണെന്ന് തീരുമാനിച്ചു.

**<u>Item No. 4</u>**

2024 പി.ജി. അഡ്മിഷൻ - Students strength – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. PG Entrance/01109/SSUS/2024)

2024 പി.ജി. അഡ്മിഷനുമായി ബന്ധപ്പെട്ട് 06.08.2024 ൽ കൂടിയ FYUGP മോണിറ്ററിംഗ് കമ്മറ്റി, സിൻഡിക്കേറ്റ് പ്രത്യേക കമ്മറ്റി എന്നീ കമ്മറ്റികളുടെ സംയുക്ത യോഗം കൈക്കൊണ്ട തീരുമാനങ്ങൾ സാധൂകരിക്കാൻ തീരുമാനിച്ചു.

**<u>Item No. 5</u>**

Application for recognition as research guide in Sanskrit Nyaya from Dr. Renuka K.C., Dr. Rajitha C., Dr. Gopala Desikan, Dr. Radhakrishnan.S, Dr. Saritha T.P., Dr. Kavitha M.S., Assistant Professors, Dept. of Sanskrit Nyaya, SSUS – Consideration of – reg. (No. 00341/ACDA2/ SSUS/2024(1))

Considering the recommendations of Standing Committee on Academic & Research held on 29.08.2024, the Syndicate has resolved to grant Research guideship to Dr. Renuka K.C., Dr. Rajitha C., Dr. Gopala Desikan, Dr. Radhakrishnan.S, Dr. Saritha T.P., Dr. Kavitha M.S., Assistant Professors, Dept. of Sanskrit Nyaya.

**<u>Item No. 6</u>**

Application for recognition as research guide in Sanskrit Vedanta from Dr. Nishad T.S., Assistant Professor, Dept. of Sanskrit Vedanta, Regional

Campus, Thiruvananthapuram - Consideration of – reg. (No. 01663/ACDA2/SSUS/2023(1))

Considering the recommendations of Standing Committee on Academic & Research held on 29.08.2024, the Syndicate has resolved to grant research guideship to Dr. Nishad T.S., Assistant Professor, Dept. of Sanskrit Vedanta, Regional Campus, Thiruvananthapuram.

**<u>Item No. 7</u>**
ത്രൈവ് പദ്ധതിയിൽ പങ്കെടുക്കുന്ന വോളണ്ടിയർമാർക്ക് അറ്റൻഡൻസ് നൽകുന്നത് സംബന്ധിച്ച്. (No. 02113/ACDB2/SSUS/2024(1))

29.08.2024 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ത്രൈവ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സന്നദ്ധസേന വോളണ്ടിയേഴ്സിന് 5% വരെ  അറ്റൻഡൻസ്  നൽകാൻ തീരുമാനിച്ചു.

**<u>Item No. 8</u>**
ന്യൂനത പരിഹാര കാലാവധി പൂർത്തിയായ വിവിധ പ്രവൃത്തികളുടെ സുരക്ഷാ നിക്ഷേപങ്ങൾ കരാറുകാർ സമർപ്പിച്ചിട്ടുള്ളതു തിരികെ നൽകുന്നതിനുള്ള വ്യവസ്ഥ ടെൻഡർ ഫോമിലും ഉടമ്പടിയിലും ഉൾപ്പെടുത്തണമോ എന്ന് തീരുമാനിയ്ക്കുന്നത് സംബന്ധിച്ച്. (No. 03699/ENGG3/SSUS/2023)

ഫിനാൻസ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**<u>Item No. 9</u>**
ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സേവനം ചെയ്തിരുന്ന സുമ കെ എസ്. ന് പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് 2 ലൈബ്രറി തസ്തികയിലേക്ക് (ബൈട്രാൻസ്ഫർ

നിയമനം) സ്ഥാനക്കയറ്റം നൽകിയതിന് സർക്കാർ അംഗീകാരം ലഭിക്കാത്തത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 01279/ADC1/SSUS/2023(1))

സർക്കാരിന്റെ കത്ത് പ്രകാരം തുടർ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു.

**Item No. 10**

പി എഫ് നിക്ഷേപം 2024 ഏപ്രിൽ 1 മുതൽ 2024 ജൂൺ 30 വരെയുള്ള കാലയളവിലേക്ക് പലിശമാറ്റം വരുത്തുന്നത് സംബന്ധിച്ച്. (No. 02867/BILLA3/SSUS/2023(1))

01.04.2024 മുതൽ 30.06.2024 വരെ സർവകലാശാല ഭവിഷ്യനിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് പലിശനിരക്ക് നിശ്ചയിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 26.07.2024 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 50/2024/ധന നമ്പർ ഉത്തരവ് സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി സർവകലാശാലയിൽ നടപ്പിൽ വരുത്തിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 11**

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ 12 ക്ലാസ് റൂമുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിക്കായി കൺസൾട്ടന്റിനെ തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. 02086/ENGG3/SSUS/2024)

വർക്ക്സ് & പർച്ചേയ്സ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 12**

സർവകലാശാല എൻ.എസ്.എസ്. സാക്ഷ്യപത്രം നഷ്ടപ്പെട്ടാൽ പുതിയ സാക്ഷ്യപത്രം / ഡ്യൂപ്ലിക്കേറ്റ് സാക്ഷ്യപത്രം അനുവദിക്കുന്നതിന് പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്. (No. 02298/SSC3/SSUS/2023(1))

സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 13**

Placement of Teachers to the post of Senior Professor/Professor/Associate Professor/Assistant Professor with higher AGP under Career Advancement Scheme in various Departments – reg. (No. Ad.D/6255/CAS-MAL/2015(SF))

The Syndicate resolved to approve the recommendations of the Selection Committee and Screening cum Evaluation Committee, constituted for the placement of teachers in various departments, under Career Advancement Scheme, as per the UGC Regulations 2010 and 2018, for the placements as detailed below.

| Sl. No | Date on which Selection/ Screening cum Evaluation Committee held | Name of Teacher & Post held | Placement to the post of | w.e.f | UGC Regulation applicable |
|---|---|---|---|---|---|
| **DEPARTMENT OF PHILOSOPHY** | | | | | |
| 1. | 08.08.2024 | Dr. Sreekala M. Nair<br>Professor | Senior Professor | 06.10.2022 | 2018 |
| 2. | | Dr. Syamala K<br>Assistant Professor<br>Academic Level 12 | Associate Professor | 01.06.2022 | 2018 |
| 3. | | Dr. Babu M.N<br>Assistant Professor<br>AGP 7000 | Assistant Professor<br>AGP 8000 | 31.12.2020 | 2010 |
| **DEPARTMENT OF HINDI** | | | | | |
| 1. | 13.08.2024 | Dr. Sreelatha K<br>Professor | Senior Professor | 01.06.2023 | 2018 |
| 2. | | Dr. Sajila N.R<br>Associate Professor | Professor | 01.11.2023 | 2010 |
| 3. | | Dr. Chandravadana G<br>Assistant Professor<br>AGP 8000 | Associate Professor | 01.10.2022 | 2018 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| **DEPARTMENT OF MALAYALAM** | | | | | |
| 1. | 23.08.2024 | Dr. Selvamony K.B<br>Associate Professor | Professor | 01.02.2024 | 2018 |
| 2. | | Dr. R. Geethadevi<br>Assistant Professor<br>Academic Level 12 | Associate Professor | 01.07.2024 | 2018 |
| 3. | | Dr. Kavitha Raman<br>Assistant Professor<br>Academic Level 12 | Associate Professor | 14.03.2024 | 2018 |

## Item No. 14

പി.ടി.എസ് തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത ഒരു ഒഴിവ് റദ്ദ് ചെയ്തത് സിൻഡിക്കേറ്റിന്റെ അറിവിലേയ്ക്കായി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Ad.D/2139/SSUS/2021)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 15

സർവകലാശാലയിലെ പഴയ ബി.എഫ്.എ ബ്ലോക്ക് പൊളിച്ചു കൊണ്ടു പോകുന്നതിന് Sri. Usman എന്നയാൾക്ക് അനുമതി നൽകിയ വൈസ് ചാൻസലറുടെ ഉത്തരവ് സാധൂകരിക്കുന്നത് സംബന്ധിച്ച്. (No. 02671/ENGG1/SSUS/2024)

സർവകലാശാലയിലെ പഴയ ബി.എഫ്.എ ബ്ലോക്ക് പൊളിച്ചു കൊണ്ടു പോകുന്നതിന് പുനർ ദർഘാസ് പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത ശ്രീ. ഉസ്മാൻ എന്നയാൾക്ക് GST ഉൾപ്പെടെ 6,33,333/- രൂപയ്ക്ക് കെട്ടിടം പൊളിച്ച് കൊണ്ട് പോകുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

# ADDITIONAL AGENDA

## Item No. 1

അദ്ധ്യാപകരുടെ CAS പ്ലേയ്സ്മെന്റ് - UGC റഗുലേഷൻ 2018 – 4-ാം ഭേദഗതി - UGC 4th Amendment Regulations 2024 – നടപ്പിലാക്കുന്നത് - സംബന്ധിച്ച്. (No. 01633/ADA1/SSUS/2024)

03.09.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് അദ്ധ്യാപകരുടെ CAS പ്ലേയ്സ്മെന്റുമായി ബന്ധപ്പെട്ട് 06.06.2024 തീയതിയിലെ F.9-1/2010(PS/MISC)Pt. Vol.II നമ്പർ യുജിസി വിജ്ഞാപനപ്രകാരം നിലവിൽ വന്ന 2018 UGC റഗുലേഷൻ 2018 ന്റെ – 4-ാം ഭേദഗതി - UGC 4th Amendment Regulations 2024 സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. 2018 യുജിസി റെഗുലേഷൻ പ്രകാരം CAS Placement ലഭിക്കുകയും സ്ക്രീനിംഗ് സെലക്ഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള അധ്യാപകർക്ക് 2010 റഗുലേഷൻ പ്രകാരം പ്ലേയ്സ്മെന്റുകൾ അനുവദിക്കുന്നത് നിലവിൽ കൈക്കൊണ്ട സ്ക്രീനിംഗ് / സെലക്ഷൻ നടപടികൾ ആവർത്തിക്കേണ്ട സാഹചര്യം ഉണ്ടാക്കുകയും ഇക്കാര്യത്തിൽ സർവകലാശാലയ്ക്ക് കനത്ത ധന നഷ്ടവും സമയനഷ്ടവും ഉണ്ടാവുമെന്നതിനാൽ ഇനിയും അപേക്ഷ സമർപ്പിക്കാത്തവർക്കും 31.12.2024 വരെ യോഗ്യത നേടാൻ സാധ്യതയുള്ളവർക്കുമായി പ്രസ്തുത ഉത്തരവ് പരിമിതപ്പെടുത്തുന്നതിനും തീരുമാനിച്ചു.

## Item No. 2

തിയേറ്റർ വകുപ്പ് അഡ്ജൻക്റ്റ് ഫാക്കൽറ്റി ശ്രീ. രമേശ് വർമ്മ സി.കെ. -ക്ക് ഒരു വർഷത്തേക്കു തുടർനിയമനം നൽകുന്നത് സംബന്ധിച്ച്. (No. 01576/AdA2/SSUS/2023)

03.09.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും ഡിപ്പാർട്ട്മെന്റ് കൗൺസിലിന്റെയും ശിപാർശകൾ പരിഗണിച്ച് ആകെ 5 വകുപ്പുകളിൽ മാത്രമേ അഡ്ജൻക്റ്റ് ഫാക്കൽറ്റി അനുവദിക്കേണ്ടതുള്ളൂ എന്നുള്ള ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ശ്രീ. രമേശ് വർമ്മ സി.കെ. -ക്ക് ഒരു വർഷം കൂടി പുനർനിയമനം നൽകുന്നതിന് തീരുമാനിച്ചു.

**Item No. 3**

മലയാളം വകുപ്പിൽ അഡ്ജൻക്റ്റ് ഫാക്കൽറ്റി ഡോ. ദിലീപ് കുമാർ കെ.വി.യുടെ പുനർനിയമനം സംബന്ധിച്ച്. (No. 02244/ADA2/SSUS/2024)

03.09.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സിൻഡിക്കേറ്റ് തീരുമാന പ്രകാരം 5 വകുപ്പുകളിൽ മാത്രമേ അഡ്ജൻക്റ്റ് ഫാക്കൽറ്റി അനുവദിക്കേണ്ടതുള്ളൂ എന്നുള്ള ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**Item No. 4**

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് അസോസിയേറ്റ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ - ന്റെ സസ്പെൻഷൻ കാലയളവ് എപ്രകാരം കണക്കാക്കേണ്ടത് - സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

03.09.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശിക്ഷാനടപടിയെ ചോദ്യം ചെയ്ത് ഡോ. കെ.സി. അതാവുള്ളഖാൻ WP(C) No: 27442/24 പ്രകാരം ബഹു.ഹൈക്കോടതിയെ സമീപിച്ച സാഹചര്യത്തിൽ കേസ് വിധിയാകുന്നത് വരെ സ്റ്റാറ്റസ് ക്വാ നിലനിർത്തുന്നതിനും, 12.06.2024 - ലെ Ad.A3/17291/SSUS/2022(1) നമ്പർ ഉത്തരവ് പ്രകാരം ഡോ. കെ സി അതാവുള്ളഖാന് താത്കാലികമായി അനുവദിച്ചിരിക്കുന്ന ശമ്പളം അടുത്ത ഒരു

ഉത്തരവ് വരെ നൽകുന്നതിനും ഹൈക്കോടതി വിധി വന്നതിനു ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

## Item No. 5

ശ്രീ. ഷാരോൺ കെ മീരാൻ, അസിസ്റ്റന്റ് തസ്തികയിലെ ആശ്രിത നിയമനം ക്രമപ്രകാരമല്ലാത്തതിനാൽ സർവകലാശാല സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്. (No. 02643/ADB1/SSUS/2024(1))

03.09.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശ്രീ. ഷാരോൺ കെ മീരാൻ-ന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## Item No. 6

അസിസ്റ്റന്റായി വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സേവനം ചെയ്യുന്ന ക്ലറിക്കൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് - ന് നൽകി വരുന്ന അധിക വേതനം വർദ്ധിപ്പിക്കണമെന്ന അപേക്ഷ സംബന്ധിച്ച്. (No. 01999/ADB3/SSUS/ 2024(1)

03.09.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഇക്കാര്യം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ പരിഗണിക്കാമെന്ന് തീരുമാനിച്ചു.

## Item No. 7

അധികമായി കണ്ടെത്തിയിട്ടുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകൾ മറ്റ് തസ്തികകളായി പരിവർത്തനം ചെയ്യുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകണമെന്ന ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ അപേക്ഷ സംബന്ധിച്ച്. (No. 00209/ADB3/SSUS/2024(1)

03.09.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു.

**<u>Item No. 8</u>**

ഐടി വിഭാഗം ജീവനക്കാരുടെ വേതന വർദ്ധനവ് അനുവദിക്കൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 01062/ADC1/SSUS/ 2023(1))

03.09.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഐടി വിഭാഗത്തിന്റെ വർക്ക് അസസ്സ്മെന്റ് നടത്തി റിപ്പോർട്ട് ലഭിച്ച ശേഷം ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. സ്റ്റാഫ് & ലീഗൽ കമ്മിറ്റി അംഗങ്ങൾ, ഡോ. ലജീഷ് വി.എൽ, (അസോസിയേറ്റ് പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ്, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്) എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയെ അസസ്സ്മെന്റ് നടത്തുന്നതിനായി ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**<u>Item No. 9</u>**

Disposal of AS 123/2021 of Additional District Judge filed against enroachment in the property of the University at Manacaud, Thiruvananthapuram – conduct of survey and identification in Remand – Reg. (No. LGLS/8080/2003/SSUS)

സർവകലാശാലയുടെ തിരുവനന്തപുരം മണക്കാട് വില്ലേജിലെ വസ്തുവുമായി ബന്ധപ്പെട്ട AS. 123/2021 കേസിലെ 18.06.2024 തീയതിയിലെ വിധി പ്രകാരം തുടർ നടപടികൾ കൈക്കൊള്ളാൻ അഡ്വ. ഭാസുരേന്ദ്രനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**Item No. 10**

Execution of Decree and judgment dated 07.06.2013 in OS 368/12 of Hon’ble Sub Court Parur.(No. LGLS/6263/2012/SSUS)

03.09.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ബഹുമാനപ്പെട്ട പറവൂർ സബ്ബ് കോടതിയിൽ സർവകലാശാല ഫയൽ ചെയ്തിരുന്ന O.S. No. 368/2012 കേസിലെ 07.06.2013 തീയതിയിലെ വിധി പ്രകാരം അനുവദിക്കപ്പെട്ട തുക Rs. 17,53,936/- രൂപ പലിശയും ചെലവും സഹിതം M/s. JMJ Books & Periodicals-ൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് സർവകലാശാലയുടെ അഡ്വക്കേറ്റ് ശ്രീ. എം. രാജേന്ദ്രൻ നിർദ്ദേശിച്ചത് പ്രകാരം വിധി നടത്ത് ഹർജി ഫയൽ ചെയ്യുന്നതിനും വാറന്റ് നടപടികൾക്കും പ്രസ്തുത ഹർജി എതിർ കക്ഷിയുമായി ബന്ധപ്പെട്ട നടപടികൾക്കായി ബാംഗ്ലൂരിലെ സിറ്റി സിവിൽ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കേസ് നടപടികൾക്കുള്ള വക്കീൽ ഫീസ്, ചെലവ് എന്നിവ അഡ്വക്കേറ്റ് ശ്രീ. എം. രാജേന്ദ്രൻ അവർകളുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

**Item No. 11**

സർവകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00915/IA2/SSUS/2024(1))

ഫിനാൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 12**

സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 02055/IA2/SSUS/2024(1))

ഫിനാൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 13**

ആയുർവേദ വകുപ്പ് അഡ്ജൻക്റ്റ് ഫാക്കൽറ്റിയായി 4 വർഷമായി തുടരുന്ന ഡോ. ജേക്കബ് തോമസ് പുതുപ്പള്ളിൽ - ന് ഒരു വർഷത്തേക്ക് കൂടി തുടർനിയമനം നൽകുന്നത് സംബന്ധിച്ച്. (No. 02852/ADA2/SSUS/2023)

പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരു വർഷം കൂടി തുടർ നിയമനം നൽകാൻ തീരുമാനിച്ചു.

**Item No. 14**

ഹൈന്ദവ ധർമ്മ സുധാകരം - നിലവിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് സമയക്രമം പുതുക്കുന്നതിനും തുക മുൻകൂറായി അനുവദിക്കുന്നതിനുമായിട്ടുള്ള പ്രസാധകരായ M/s Ethos Books & Publications -ൽ നിന്നുള്ള അഭ്യർത്ഥന – സംബന്ധിച്ച്. (No. LGLS/4956/2009/SSUS)

03.09.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 06.07.2024 തീയതിയിലെ 218-ാമത് സിൻഡിക്കേറ്റിലെ ഇനം നം. 8 പ്രകാരം M/s Ethos Books & Publications-ന്റെ മാനേജിംഗ് പാർട്ണർ മാരുമായി ഹൈന്ദവ ധർമ്മ സുധാകരം പ്രസിദ്ധീകരണത്തിന്റെ തുടർ വാല്യങ്ങളുടെ പ്രിന്റിംഗും കൈമാറ്റവും സംബന്ധിച്ച് ഉണ്ടായിരുന്ന വ്യവസ്ഥകൾ ചർച്ച ചെയ്യുന്നതിന് ലീഗൽ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. 31.03.1995 ലെ കരാർ പ്രകാരം ഹൈന്ദവ ധർമ്മ സുധാകരം ബുക്ക് 10 വാല്യമായി പ്രസാധകരായ M/s Ethos Books & Publications ഒരു വർഷത്തിനകം പ്രസിദ്ധീകരിക്കണമെന്ന വ്യവസ്ഥകൾ മുടങ്ങിയതും ഇക്കാര്യത്തിന് തുടർച്ചയായ കൂടിയാലോചനകൾക്കു ശേഷം ഇതുവരെ 6 വാല്യം സർവകലാശാലയ്ക്ക്

കൈമാറിയിട്ടുള്ളതും ബാക്കിയുള്ള 4 വാല്യം പ്രിന്റ് ചെയ്യുന്നതിലെ തടസ്സങ്ങളും യഥാസമയം പ്രിന്റിംഗിനുള്ള തുക സർവകലാശാല നൽകുന്നതിലെ കാലതാമസവും M/s Ethos Books & Publishers ന്റെ മാനേജിംഗ് പാർട്ണർ മാർ വിശദീകരിച്ചു. ഇക്കാര്യത്തിൽ സർവകലാശാല ഇനി ബാക്കി നൽകാനുള്ള തുകയായ 5,69,344/ രൂപ രണ്ട് തുല്യ ഗഡുക്കളായി നൽകിയാൽ തുടർ വാല്യങ്ങൾ താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം പ്രിന്റിംഗ് നിർവഹിച്ച് സർവകലാശാലയ്ക്ക് കൈമാറുന്നതാണെന്ന് M/s Ethos Books & Publications ചർച്ചയിൽ നേരിട്ട് ഉറപ്പ് നൽകിയും രേഖപ്പെടുത്തിയും അറിയിച്ചിട്ടുണ്ട്.

വ്യവസ്ഥകൾ:-

1. സർവകലാശാല ഇനി ബാക്കി നൽകാനുള്ള തുകയായ 5,69,344/- രൂപയുടെ പകുതി തുക 2,84,672/- രൂപ ആദ്യ ഗഡുവായി M/s Ethos Books & Publications ന് നൽകുക. ഇപ്പറഞ്ഞ ആദ്യ ഗഡു ലഭിച്ച് 45 ദിവസത്തിനകം 7, 8 വാല്യങ്ങളുടെ ഒരു ബുക്കായി പ്രിന്റ് ചെയ്ത 1001 കോപ്പികൾ M/s Ethos Books & Publications സർവകലാശാലയ്ക്ക് കൈമാറുന്നതാണ്.
2. മേൽ വിവരിച്ച പ്രകാരം 7, 8 വാല്യങ്ങളുടെ ആദ്യ ബുക്കിന്റെ കോപ്പികൾ കൈമാറിയ ശേഷം രണ്ടാം ഗഡു 2,84,672/- രൂപ സർവകലാശാല M/s Ethos Books & Publications- ന് നൽകുക. അപ്രകാരം തുക ലഭിച്ച് 45 ദിവസത്തിനകം 9, 10 വാല്യങ്ങളുടെ ഒരു ബുക്കായി പ്രിന്റ് ചെയ്ത 1001 കോപ്പികൾ സർവകലാശാലയ്ക്ക് കൈമാറി കരാർ വ്യവസ്ഥകൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതാണ്.
3. ആദ്യ ഗഡു നൽകിയതിനു ശേഷം 7, 8 വാല്യങ്ങൾ കൈമാറുന്നതിനൊപ്പം തന്നെ സർവകലാശാല M/s Ethos Books & Publications-ന് നൽകിയിരുന്ന 'ഹൈന്ദവ ധർമ്മ സുധാകരം' പ്രസിദ്ധീകരണത്തിന്റെ

മുഴുവൻ കയ്യെഴുത്ത് പ്രതികൾ (Manuscript) സുരക്ഷിതമായ കണ്ടീഷനിൽ M/s Ethos Books & Publications സർവകലാശാലയ്ക്ക് കൈമാറുന്നതാണ്.

4. മേൽ വിവരിച്ച വ്യവസ്ഥകൾക്കൊപ്പം മുൻപുണ്ടായിരുന്നതും M/s Ethos Books & Publications-ന് ബാധകവുമായിരുന്ന പ്രിന്റിംഗ് ഗുണമേന്മ സംബന്ധിച്ചും നിയമപരമായ ഉത്തരവാദിത്വങ്ങളും കടമകളും അപ്രകാരം തന്നെ പൂർണ്ണമായും ബാധകമായിരിക്കുന്നതും അക്കാര്യങ്ങൾ M/s Ethos Books & Publications അംഗീകരിച്ച് സമ്മതിച്ചിട്ടുള്ളതുമാണ്. സിൻഡിക്കേറ്റ് ഇക്കാര്യത്തിൽ നിശ്ചയിച്ചിരുന്ന മുൻ വ്യവസ്ഥകൾ ഭേദഗതിപ്പെടുത്തി മേൽ വിവരിച്ച പ്രകാരമുള്ള വ്യവസ്ഥകൾ പരിഗണിക്കാൻ തീരുമാനിച്ചു.

## Item No. 15

പൂർണ്ണ ഗവേഷക ഹോസ്റ്റലിലെ പ്രാവ് ശല്യം ഒഴിവാക്കുന്നതിന് HDPE net സ്ഥാപിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് അംഗീകരിച്ച ഭരണാനുമതി നൽകണമോ എന്ന് തീരുമാനിക്കുന്നതിന് സംബന്ധിച്ച്. (No. 01929/ENGG3/SSUS/2024)

03.09.2024 ൽ നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് പൂർണ്ണ ഗവേഷക ഹോസ്റ്റലിലെ പ്രാവ് ശല്യം ഒഴിവാക്കുന്നതിന് HDPE net സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് GST ഉൾപ്പെടെയുള്ള 2,06,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകാനും സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ഏജൻസികളിൽ നിന്നോ വ്യക്തികളിൽ നിന്നോ താത്പര്യപത്രം വിളിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

**Item No. 16**

ലൈബ്രറിയുടെ രണ്ടാം നിലയിലെ ജേർണൽ സെക്ഷനിലെ ചോർച്ച പരിഹരിക്കുന്ന പ്രവർത്തിക്കു ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. 01807/ENGG1/SSUS/2024)

03.09.2024 ൽ നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് ലൈബ്രറിയുടെ രണ്ടാം നിലയിലെ ജേർണൽ സെക്ഷനിലെ ചോർച്ച പരിഹരിക്കുന്ന പ്രവർത്തിക്കു GST ഉൾപ്പെടെയുള്ള 2,52,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകാനും സാങ്കതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്താനും ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

**Item No. 17**

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ 25 KW ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പ്ലാന്റ് പ്രൊപ്പോസൽ ANERT സമർപ്പിച്ചത് അംഗീകരിക്കണമോ എന്ന് തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. 01827/ENGG1/SSUS/2024)

03.09.2024 ൽ നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് തിരൂർ പ്രാദേശിക കേന്ദ്രത്തിൽ 25 KW ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ANERT സമർപ്പിച്ച 18,97,500/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ANERT മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകാൻ തീരുമാനിച്ചു.

**Item No. 18**

സർവകലാശാലയിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്കായി 40 പേരെ ഉൾക്കൊള്ളിക്കാവുന്ന 30 ക്ലാസ്സ് റൂമുകളും അനുബന്ധ സൗകര്യങ്ങളും ഫൈൻ

ആർട്സ് കോംപ്ലക്സിന്റെ മുകളിൽ നിർമ്മിക്കുന്നത് സംബന്ധിച്ച്. (No. 02462/ENGG1/SSUS/2023)

03.09.2024 ൽ നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് എന്നീ സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ ശിപാർശ പരിഗണിച്ച് വർക്കിംഗ് ഗ്രൂപ്പിൽ നിന്നും അംഗീകാരം ലഭിച്ച പ്രൊപ്പോസലിന് വർക്കിംഗ് ഗ്രൂപ്പ് മുൻപാകെ സമർപ്പിച്ച അതേ എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരാത്ത തരത്തിൽ FIT, ഊരാളുങ്കൽ തുടങ്ങിയ ഏജൻസികളിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ച് അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹിക്കാൻ അംഗീകാരം നൽകാൻ തീരുമാനിച്ചു.

**Item No. 19**

01.08.2024 തീയതിയിൽ കൂടിയ ശ്രീശങ്കരാചാര്യഅന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ ഗവേണിംഗ് കൗൺസിലിന്റേയും അക്കാദമിക് കമ്മറ്റിയുടെയും സംയുക്ത യോഗത്തിന്റെ യോഗ തീരുമാനങ്ങളും 2024-25 സാമ്പത്തികവർഷത്തെ ബജറ്റും കർമ്മ പദ്ധതികളും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.02889/ISSS1/ SSUS/2024(1))

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 20**

സർവകലാശാല പ്രസിദ്ധീകരണങ്ങൾ - നാല് പുസ്തകങ്ങൾ അച്ചടിക്കുന്നത് - സംബന്ധിച്ച് (No. 00943/PUB1/SSUS/2024(1))

01.08.2024 തീയതിയിൽ കൂടിയ ലൈബ്രറി & പബ്ലിക്കേഷൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരം കേരള സംസ്കൃത സാഹിത്യ ചരിത്രം ഭാഗം I - 500 കോപ്പി,

The Response to Poetry – 200 കോപ്പി, അംഗാരന്യപുരം - 200 കോപ്പി, കേരളീയ ചുമർ ചിത്രകലയിലെ സൗന്ദര്യ ദർശനം - 250 കോപ്പി എന്നീ പുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള അനുമതി നൽകാനും പ്രസ്തുത പുസ്തകങ്ങളുടെ അച്ചടി നിർവഹിക്കുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിക്കാനും തീരുമാനിച്ചു.

**Item No. 21**

FYUGP പ്രോഗ്രാമിന്റെ പരീക്ഷ നടത്തിപ്പ്, പരീക്ഷ മൂല്യ നിർണ്ണയം-സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കിയത് - സിൻഡിക്കേറ്റ് സാധൂകരണത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. 02526/ACDB1/ SSUS/2024(1))

FYUGP പ്രോഗ്രാമിന്റെ പരീക്ഷ നടത്തിപ്പ്, പരീക്ഷ മൂല്യ നിർണ്ണയം-സംബന്ധിച്ച FYUGP കമ്മിറ്റി കൺവീനർമാരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സർവകലാശാലയിൽ നടപ്പിലാക്കിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 22**

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ യു.ജി വ്യാകരണം, ഹിസ്റ്ററി FYUGP പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധനവ് അനുവദിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. 02457/ACDB1/SSUS/2024(1)

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ബി.എ. സംസ്കൃതം വ്യാകരണം, ബി.എ. ഹിസ്റ്ററി എന്നീ FYUGP പ്രോഗ്രാമുകൾക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനായി സീറ്റ് വർദ്ധനവ് അനുവദിച്ചു കൊണ്ടുള്ള ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 23

യു.ജി / പി.ജി അഡ്മിഷൻ - ക്ലാസുകൾ തുടങ്ങി ഒരു മാസത്തിനുള്ളിൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥ – ഒഴിവാക്കുന്നത് - സംബന്ധിച്ച്. (No. 02990/ACDB2/SSUS/2024(1)

അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 24

ഫിലോസഫി വിഭാഗം വകുപ്പുമേധാവി പ്രൊഫസർ ഡോ. ശ്രീകല എം നായർക്ക് സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ അധിക ചുമതല നൽകിയ വിവരം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. (No. 02274/ADC1/SSUS/2024(1))

ഫിലോസഫി വിഭാഗം വകുപ്പുമേധാവി പ്രൊഫസർ ഡോ. ശ്രീകല എം നായർക്ക് സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ അധിക ചുമതല നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 25

Request to revoke the syndicate decision to seek consent of the PVC regarding the selection of resource persons of the program conducted by the ISSS – Reg. (No. 02889/ISSS1/SSUS/2024(2))

ISSS സംഘടിപ്പിക്കുന്ന പ്രോഗ്രാമുകളിലെ resource persons-നെ തെരഞ്ഞെടുക്കുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**<u>Item No. 26</u>**

Fine Arts Block – ന് ഫയർ & സേഫ്റ്റി അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്. (No. 01961/ENGG3/SSUS/2024)

വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**<u>Item No. 27</u>**

Award of PhD Degree

a) Smt Kokila P D in Malayalam (No. EA/ PhD/780/SSUS/2023)
b) Ashalatha S G in Sanskrit Nyaya ( No. EA/ PhD/785/SSUS/2023)

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt Kokila P D | Faculty of Indian Languages | 06.08.2024 |
| b) | Ashalatha S G | Faculty of Indian Logic | 08.08.2024 |

c) Smt Kokila P D in Malayalam under the Faculty of Indian Languages for the Ph.D thesis titled **“വാസ്തവികലോകാഖ്യാനവും മലയാള കവിതയും : ഇടശ്ശേരി, വൈലോപ്പിള്ളി, ഒളപ്പമണ്ണ, അക്കിത്തം, എൻ.വി. കൃഷ്ണവാര്യർ എന്നിവരുടെ തെരഞ്ഞെടുത്ത കവിതകളെ അടിസ്ഥാനമാക്കിയുള്ള പഠനം”,** under the guidance of Dr. Shaji V.S, Associate Professor (Rtd.), Department of Malayalam, SSUS, Kalady.

d) Smt. Ashalatha S.G. in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **“Padarthamala Prakasah – A**

**Study",** under the guidance of Dr. V.K. Bhavani, Professor, Department of Sanskrit Nyaya, SSUS, Kalady.

**Item No. 28**

സർവകലാശാലയുടെ ഫീസ് കളക്ഷനുകളും മറ്റും ഓൺലൈൻ സംവിധാനം വഴി സ്വീകരിക്കുന്നതിനായി യൂണിയൻ ബാങ്ക് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നത് സംബന്ധിച്ച്. ( No. 02511/ ACCTS1/ SSUS/2023(1) )

വിദ്യാർത്ഥികൾക്ക് ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, UPI, Net Banking, NEFT/RTGS എന്നിവ ഉപയോഗിച്ച് വിവിധ രീതിയിൽ ഓൺലൈൻ മുഖാന്തരം ഫീസ് അടയ്ക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനായി സർവകലാശാലയിൽ നിന്നും ട്രാൻസാക്ഷൻ ചാർജ്ജ് ഈടാക്കാതെ ഉപഭോക്താവിൽ നിന്നും ചാർജ്ജ് ഈടാക്കുന്ന രീതിയിൽ വിഭാവനം ചെയ്തിരിക്കുന്ന യൂണിയൻ ബാങ്ക് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 29**

എസ് എസ് യു എസ് സെൻറർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) – ന്റെ ഗവേർണിംഗ് കൗൺസിൽ അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിനു വിധേയമായി പുനഃസംഘടിപ്പിച്ചു ഉത്തരവാക്കിയതും SCOL റെഗുലേഷൻസ് ഭേദഗതി ചെയ്തതും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. 00336 /SCOL1 / SSUS / 2022)

എസ് എസ് യു എസ് സെൻറർ ഫോർ ഓൺലൈൻ ലേണിംഗ് (SCOL) – ന്റെ ഗവേർണിംഗ് കൗൺസിൽ അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിനു വിധേയമായി പുനഃസംഘടിപ്പിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 30

കാലടി മുഖ്യകേന്ദ്രം (2021 അഡ്മിഷൻ) MA Theatre transgender വിദ്യാർഥിയായിരുന്ന മുഹമ്മദ് നജീബ് സി (നാദിറ മെഹ്റിൻ ) 21KA03TH13 - പുനഃപ്രവേശനം അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 02830/ACDB2/ SSUS/2024(2))

MA Theatre transgender വിദ്യാർഥിയായിരുന്ന മുഹമ്മദ് നജീബ് സി (നാദിറ മെഹ്റിൻ ) യ്ക്ക് 2023 ബാച്ച് വിദ്യാർത്ഥികൾക്കൊപ്പം 2024 ഡിസംബറിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ. തിയേറ്റർ പ്രോഗ്രാമിലേക്ക് പുന:പ്രവേശനം അനുവദിക്കാൻ തീരുമാനിച്ചു.

## Item No. 31

16.08.2024 ന ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി യോഗത്തിൽ എടുത്ത തീരുമാനങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച് (No.00284/Acd.B1/ SSUS/2024(1))

16.08.2024 ന ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി യോഗത്തിൽ എടുത്ത താഴെ പറയുന്ന തീരുമാനങ്ങൾ അടിയന്തിര പ്രാധാന്യത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

1. സൗപർണ്ണിക ഗവേഷക ഹോസ്റ്റലിൽ കുടിവെള്ള വിതരണത്തിനായി വാട്ടർ പ്യൂരിഫയർ ഉടൻ സ്ഥാപിക്കുക.
2. സൗപർണ്ണിക ഹോസ്റ്റലിലേക്കായി വാങ്ങിയിട്ടുള്ള Exhaust Fan സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. വിവിധ ഹോസ്റ്റലുകളുടെ ടോയ്‌ലറ്റ് ബ്ലോക്കുകൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ നവീകരണങ്ങൾ വരുത്തി നിലവിലെ ടോയ്‌ലറ്റുകൾ ഉപയോഗപ്രദമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുക.

4. വനിത ഹോസ്റ്റലിന്റെ മെയിൻ എൻട്രൻസിൽ സെക്യൂരിറ്റി കേബിൻ സ്ഥാപിച്ച് ഡ്യൂട്ടിക്ക് ഒരു male സെക്യൂരിറ്റി സ്റ്റാഫിനെ നിയോഗിക്കുക.
5. മേട്രൺമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
6. മലയാറ്റൂർ റോഡിലെ വിക്കറ്റ് ഗേറ്റ് രാത്രി 7.30 വരെ എല്ലാ ദിവസവും തുറന്നിടുക.
7. ഗവേഷക ഫെല്ലോഷിപ്പ് ഓരോ മാസവും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുക.
8. ഗവേഷക ഫെല്ലോഷിപ്പ് വർദ്ധന സിൻഡിക്കേറ്റിന്റെ ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടുക.

## OUT OF AGENDA

**Item No. 1**

Appointment of Registrar – reg.

The Syndicate resolved to approve the Minutes of the Selection Committee, duly constituted for the appointment of Registrar, held on 12.08.2024 and to appoint Dr. Mothi George, Associate Professor, Department of Economics, Government College, Ambalapuzha as Registrar of the University.

**Item No. 2**

ബോണസ്/ഉത്സവബത്ത, അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച്.

സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് 2024 ലെ ബോണസ്/ഉത്സവബത്ത, അഡ്വാൻസ് എന്നിവ സർക്കാർ നിരക്ക് പ്രകാരം അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 3**

FYUGP അഡ്മിഷൻ സംബന്ധിച്ച്.

FYUGP-ക്ക് കാലടിയിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലുമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം സിൻഡിക്കേറ്റ് വിശദമായി പരിശോധിക്കുകയും താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. കാലടി മുഖ്യ കേന്ദ്രത്തിൽ കുട്ടികളുടെ എണ്ണം കണക്കാക്കാതെ പുതുതായി ആരംഭിച്ച FYUGP കോഴ്സുകൾ നിലനിർത്താൻ തീരുമാനിച്ചു.
2. പ്രാദേശിക ക്യാമ്പസുകളിൽ ഏറ്റവും കുറഞ്ഞത് 7 വിദ്യാർത്ഥികളെങ്കിലും ഇല്ലാത്ത കോഴ്സുകൾ നിർത്തലാക്കാനും, ഈ വിദ്യാർത്ഥികളെ മറ്റ് ക്യാമ്പസുകളിലേക്ക് വിന്യസിപ്പിക്കാനും തീരുമാനിച്ചു. അതുപ്രകാരം പന്മന പ്രാദേശിക കേന്ദ്രത്തിലെ ബി.എ. വേദാന്തം, ബി.എ. മലയാളം എന്നീ കോഴ്സുകൾ നിർത്തലാക്കാൻ തീരുമാനിച്ചു.
3. 6 മാസത്തിനു ശേഷം സിൻഡിക്കേറ്റ് സബ് കമ്മറ്റി വീണ്ടും അസസ്സ്മെന്റ് നടത്താനും തീരുമാനിച്ചു.

## Item No. 4

ഫിനാൻസ് ഓഫീസറുടെ നിയമനം - ഡപ്യൂട്ടേഷൻ അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷയിൽ തീരുമാനം കൈക്കൊള്ളേണ്ടത് മാതൃസ്ഥാപനമായതിനാൽ ഈ വിഷയത്തിൽ സർവകലാശാലയുടെ ഭാഗത്തു നിന്ന് ആവശ്യം ഉന്നയിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് നിയമോപദേശം തേടാൻ തീരുമാനിച്ചു.

## Item No. 5

മ്യൂസിയോളജി വിഭാഗം വിദ്യാർത്ഥിക്ക് നേരെ ഉണ്ടായ അതിക്രമം- ബന്ധപ്പെട്ട HoD മാരിൽ നിന്നും റിപ്പോർട്ട് നേടാനും അന്വേഷണ കമ്മറ്റിയെ നിയോഗിച്ച് അന്വേഷണം ത്വരിതപ്പെടുത്താനും ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

## Item No. 6

സംസ്കൃതം വേദാന്ത വിഭാഗം 01.12.2012 രജിസ്ട്രേഷൻ ഗവേഷകയായ ശ്രീമതി. നീതു കെ. യ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒടുക്കേണ്ട ഫീസിൽ ഇളവ് നൽകേണ്ടതില്ലെന്ന 218-ാമത് സിൻഡിക്കേറ്റ് അഡീഷണൽ അജൻഡ ഇനം നമ്പർ 31 ന്റെ തീരുമാനം പുന:പരിശോധിക്കാനും 202-ാം സിൻഡിക്കേറ്റ് അഡീഷണൽ അജൻഡ ഇനം നമ്പർ 11 പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനം ബാധകമാക്കി ശ്രീമതി. നീതു കെ. യ്ക്ക് ഫീസ് ഇളവ് നൽകാനും തീരുമാനിച്ചു.

## Item No. 7

2024-2025 ലൈബ്രറി ബുക്ക് പർച്ചേസ് ത്വരിതപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 8

ട്രാൻസ്ലേഷൻ സ്റ്റഡീസിൽ 6 മണിക്കൂർ ജോലിഭാരത്തിൽ ഉള്ള ഭിന്നശേഷിക്കാരനായ ശ്രീ. ആരിഫ് ഖാനെ ഗസ്റ്റ് ലക്ചററായി നിയമിക്കണമെന്ന ആവശ്യം സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിക്ക് വിടാൻ തീരുമാനിച്ചു.

## Item No. 9

ഗസ്റ്റ് ഹൗസിലെ പോരായ്മകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വർക്ക്സ് & പർച്ചേസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

യോഗം 1.30 pm ന് അവസാനിച്ചു.

**ഒപ്പ്**
**പ്രൊഫസർ ഇൻ ചാർജ് ഓഫ് രജിസ്ട്രാർ**

**ഒപ്പ്**
**വൈസ് ചാൻസലർ**